# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2787** 18-08-2017-ൽ മറുപടി നൽകേണ്ടത്

## ബ്രണ്ണൻ കോളേജ് മാഗസിനിലെ പരാമർശങ്ങൾ

ചോദ്യം | ഉത്തരം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| എ) തലശ്ശേരി സർക്കാർ ബ്രണ്ണൻ കോളേജിന്റെ മാഗസിനിൽ ദേശീയ ഗാനത്തെയും ദേശീയ പതാകയെയും അവഹേളിക്കുന്ന പരാമർശങ്ങൾ ഉള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തിയോയെന്നും കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ? | ബി) തലശ്ശേരി ബ്രണ്ണൻ കോളേജിന്റെ 2015-16 വർഷത്തെ കോളേജ് മാഗസിന്റെ ഉള്ളടക്കവുമായി ബന്ധപ്പെട്ട് ക്യാമ്പസിലെ ഒരു വിദ്യാർത്ഥി സംഘടന നൽകിയ പരാതിയിൻമേൽ 14.06.2017-ന് ചേർന്ന കോളേജ് കൗൺസിൽ യോഗം പ്രസ്തുത വിഷയം പരിശോധിക്കുകയും, മാഗസിനിൽ ദേശീയ പതാകയെ നിന്ദിക്കുകയും ദേശവിരുദ്ധമായ ചിത്രീകരണങ്ങൾ ഉണ്ടെന്നുമുള്ള പരാതിയിൽ പ്രഥമ ദൃഷ്ട്യാ കഴമ്പില്ലെന്ന് കൗൺസിൽ യോഗം വിലയിരുത്തി. |

| | |
|---|---|
| | തുടർന്ന് പരാതിക്കാർ പ്രത്യേക ആക്ഷേപം ഉന്നയിച്ച രണ്ട് പേജുകൾ വീണ്ടും പരിശോധിക്കുകയും പേജുകൾ തെറ്റിദ്ധാരണയുണ്ടാക്കിയതിനാലും, വിവാദങ്ങൾക്ക് കാരണമായതിനാലും അവ പിൻവലിക്കുവാൻ 14.06.2017-ലെ കൗൺസിൽ യോഗം തീരുമാനിക്കുകയും 16.06.2017 -ന് ചേർന്ന കോളേജ് കൗൺസിൽ യോഗം മാഗസിൻ പൂർണ്ണമായും പിൻവലിക്കണമെന്ന് ഒരു വിദ്യാർത്ഥി സംഘടനയുടെ ആവശ്യം പരിഗണിക്കുകയും, തുടർന്ന് മാഗസിൻ വിതരണം നിർത്തിവയ്ക്കാനും മാഗസിൻ തിരിച്ചെടുക്കാനും തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**